കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ ജൂനിയർ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ തെരഞ്ഞെടുപ്പിനായുള്ള അഭിമുഖം (കാറ്റഗറി നമ്പർ: 309/19) 27-01-2022,28-01-2022,29-01-2022, തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ആഫീസിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് SMS, Profile Message എന്നിവ നൽകിയിട്ടുണ്ട്. കോവിഡ് - 19 രോഗവ്യാപന ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ് പരിസരത്ത് പ്രവേശിക്കാൻ പാടുള്ളൂ. ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം അഡ്മിഷൻ ടിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തീയ്യതിയിലും സമയത്തും, പി എസ് സി ആസ്ഥാന ഓഫീസിൽ ഹാജരാക്കേണ്ടതാണ്. കോവിഡ്-19 രോഗ വ്യാപനഭീതി നിലനിൽക്കുന്നതിനാൽ ഉദ്യോഗാർത്ഥികൾ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചു മാത്രം ആഫീസ് പരിസരത്തു പ്രവേശിക്കേണ്ടതും ഹാൻഡ് സാനിറ്റൈസർ കയ്യിൽ കരുതേണ്ടതും ഗ്ലൗസ്, ഫേസ്ഷീൽഡ് എന്നിവ ധരിക്കേണ്ടതും ആണ്. ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ പി. എസ്. സി. യുടെ വെബ്ബ്സൈറ്റിൽ നിന്നും കോവിഡ്-19 ചോദ്യാവലി download ചെയ്ത് പൂരിപ്പിച്ച് upload ചെയ്യേണ്ടതാണ്. ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ അവരവരുടെ പ്രൊഫൈലിൽ നിന്നും download ചെയ്യേണ്ടതും, അതോടൊപ്പമുള്ള വ്യക്തി വിവരക്കുറിപ്പ് പൂരിപ്പിച്ച് ഹാജരാക്കേണ്ടതുമാണ്.